പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2969 13-07-2015 - ൽ മറുപടിയ്ക്ക്

**കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെടുന്നവർക്ക് ധനസഹായം**

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭത്തിൽപ്പെട്ട് വള്ളവും വലയും അനുബന്ധ ഉപകരണങ്ങളും നഷ്ടമാകുന്നവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ മതിയായ സഹായധനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | എ) | നിലവിൽ കടൽ ക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർമാർ വഴിയാണ് ധനസഹായം നൽകിവരുന്നത്. |
| ബി) | കടൽക്ഷോഭത്തിൽപ്പെടുന്നവരെ സഹായിക്കാൻ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | കടൽ ക്ഷോഭത്തിൽപ്പെടുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടി കൾ സ്വീകരിക്കാറു ണ്ട്. |
| സി) | രക്ഷാപ്രവർത്തനം നടത്തുന്നതിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ബോട്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ; | സി) | രക്ഷാ പ്രവർത്തനം നടത്തുന്നതിന് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ ബോട്ടുകളില്ല. എന്നാൽ ട്രോളിംഗ് നിരോധന സമയത്ത് കടൽ പെട്രോളിം ഗിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ഒരു ബോട്ട് വാടകയ്ക്ക് എടുത്തിട്ടുണ്ട്. ട്രോളിംഗ് നിരോധന ത്തിന് ശേഷമുള്ള കാലയളവിലെ രക്ഷാപ്ര വർത്തനം നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് നടത്തുന്നത്. |
| ഡി) | പ്രസ്തുത ബോട്ടുകളിലെ ജീവനക്കാർക്ക് രക്ഷാപ്രവർത്തനത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | കടൽ രക്ഷാ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീ ലനം (ഗോവ ട്രെയിനിംഗ്) ലഭിച്ച യുവാക്കളായ മത്സ്യത്തൊഴിലാളികളെ രക്ഷാ പ്രവർത്തന ങ്ങൾക്കായി ബോട്ടുകളിൽ നിയോഗിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ